"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഹരിപ്പാട് നഗരസഭയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് FACT-RCF BUILDING PRODUCTS LTD (FRBL) അധികമായി ചെലവഴിച്ച 27,92,894/- രൂപ ചേർത്ത് ആകെ 3.27 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും അധികമായി ചെലവായ 27,92,894/- രൂപ ഹരിപ്പാട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1835/2021/LSGD തീയതി,തിരുവനന്തപുരം, 23/09/2021

---

പരാമർശം:-

1. 29.01.2019-ലെ സ.ഉ. (സാധാ) നം. 190/2019/തസ്വഭവ നമ്പർ ഉത്തരവ്
2. ഹരിപ്പാട് നഗരസഭാ സെക്രട്ടറിയുടെ 25.03.2021-ലെ PW1-1137/2019 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 08.06.2021- ലെ DC2-10100/2017നമ്പർ കത്ത്

**ഉത്തരവ്**

പുതുതായി രൂപീകരിച്ച നഗരസഭകളുടെ കെട്ടിട നിർമ്മാണം എന്ന പദ്ധതിയിൽ പരാമർശം (1) പ്രകാരം ഒരോ നഗരസഭയ്ക്കും 3 കോടി രൂപ അനുവദിക്കണമെന്ന വ്യവസ്ഥയിൽ പിറവം, ഹരിപ്പാട്, വടക്കാഞ്ചേരി, നഗരസഭകളിൽ കെട്ടിട നിർമ്മാണം ആരംഭിക്കുകയും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണ ചുമതല FACT-RCF BUILDING PRODUCTS LTD (FRBL) നാണ് നൽകിയിരുന്നത്. ഹരിപ്പാട് നഗരസഭയ്ക്ക് 3 കോടി രൂപ അനുവദിക്കുകയും കെട്ടിട നിർമ്മാണം പൂർത്തിയായതായും ഹരിപ്പാട് നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2.കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി അധികമായി 27,92,894/- രൂപ ചെലവായിട്ടുണ്ട് എന്നതിനാലും പരാമർശം (1) ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിനായി ഒരു നഗരസഭയ്ക്ക് ആകെ 3 കോടി രൂപ മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലും ഹരിപ്പാട് നഗരസഭയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് FRBL അധികമായി ചെലവഴിച്ച തുകയായ 27,92,894/- രൂപ ചേർത്ത് ആകെ 3.27 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും അധികമായി ചെലവായ 27,92,984/- രൂപ ഹരിപ്പാട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം പരാമർശം (2) പ്രകാരം ഹരിപ്പാട് നഗരസഭാ സെക്രട്ടറി സമർപ്പിച്ച പ്രൊപോസൽ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിപ്പാട് നഗരസഭയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് FRBL അധികമായി ചെലവഴിച്ച 27,92,894/- രൂപ ചേർത്ത്

File No.LSGD-DC3/338/2021-LSGD

ആകെ 3.27 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയും അധികമായി ചെലവായ 27,92,894/- രൂപ ഹരിപ്പാട് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Muhammed Najeeb T A
Under Secretary

ചെയർപേഴ്സൺ, ഹരിപ്പാട് നഗരസഭ
സെക്രട്ടറി ഹരിപ്പാട് നഗരസഭ
നഗരകാര്യ ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ധനകാര്യ (ഡെവ) വകുപ്പ് (1838173/Dev3/130/21/Fin)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്